# സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ

(ഭാരതത്തിന്റെ ഭരണാഘടനയിലെ അനുച്ഛേദം 243zk യുടെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘങ്ങൾ ആക്റ്റിലെ 28B വകുപ്പ് പ്രകാരം രൂപീകൃതമായത്)

# തെരഞ്ഞെടുപ്പ് വിജ്ഞാപനം

(1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റിലെ വകുപ്പ് 28ബി അനുബന്ധ ചട്ടങ്ങളിലെ ചട്ടം 35എ എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

നമ്പർ **Ol/1752/2024/ഇ(1)എസ്.സി.ഇ.സി** **തിരുവനന്തപുരം 20-11-2024**

A 676-ാം നമ്പർ കുട്ടനാട് താലൂക്ക് ഗവണ്മെന്റ് എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തത്തിന്റെ പുതിയ ഭരണ സമിതി അംഗങ്ങളെ തിരഞ്ഞെടുക്കുന്ന നടപടികൾക്കായി കുട്ടനാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നെ ഇലക്ടറൽ ഓഫീസർ ആയും തകഴി യൂണിറ്റ് ഇൻസ്‌പെക്ടർ നെ വരണാധികാരിയായും നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.തെരഞ്ഞെടുപ്പ് സംബന്ധിച്ച വിശദ വിവരങ്ങൾ സംഘത്തിലെ എല്ലാ അംഗങ്ങളുടെയും അറിവിലേക്കായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

## തെരഞ്ഞെടുപ്പ് വിശദാംശങ്ങൾ

| | | |
|---|---|---|
| 1. സംഘത്തിന്റെ നിയമാവലി പ്രകാരം തെരഞ്ഞെടുപ്പിലൂടെ നികത്തപ്പെടേണ്ട ഒഴിവുകളുടെ എണ്ണം | : | **9(ഒമ്പത്)** |
| 2. സഹകരണ നിയമ പ്രകാരം തിരഞ്ഞെടുക്കപ്പെടേണ്ട വിഭാഗങ്ങൾ | : | എണ്ണം |
| ജനറൽ | : | 3(മൂന്ന്) |
| വനിത | : | 2(രണ്ട്) |
| എസ് സി /എസ് റ്റി | : | 1(ഒന്ന്) |
| 10000 രൂപയോ അതിൽ കൂടുതലോ നിക്ഷേപമുള്ള അംഗങ്ങളിൽ നിന്നും | : | 1(ഒന്ന്) |
| 40 വയസിൽ താഴെയുള്ള പൊതു വിഭാഗത്തിൽ നിന്ന് | : | 1(ഒന്ന്) |
| 40 വയസ്സിൽ താഴെയുള്ള എ ക്ലാസ് അംഗങ്ങളിൽ നിന്നും വനിത സംവരണം | : | 1(ഒന്ന്) |
| **ആകെ** | : | 9(ഒമ്പത്) |

| | | |
|---|---|---|
| 3. പ്രാഥമിക വോട്ടർപ്പട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും തീയതിയും | : | 25-11-2024 പകൽ 11 മണിക്ക് സംഘം/ബാങ്ക് ഓഫീസ് നോട്ടീസ് ബോർഡിൽ |
| 4. വോട്ടർ പട്ടികയിലെ തടസ്സവാദങ്ങൾ സമർപ്പിക്കുന്നതിനുള്ള തീയതികൾ | : | 25-11-2024 പകൽ 11 മണി മുതൽ 02-12-2024 പകൽ 5മണി വരെ |
| 5. തടസ്സവാദങ്ങൾ പരിശോധിക്കുന്നതിനുള്ള തീയതിയും, സമയവും, സ്ഥലവും | : | 03-12-2024 പകൽ 11 മണി മുതൽ 5 മണി വരെ സംഘം/ബാങ്ക് ഓഫീസിൽ വച്ച് |
| 6. അന്തിമ വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും, തീയതിയും സമയവും | : | 05-12-2024 പകൽ 11 മണിക്ക് സംഘം/ബാങ്ക് ഹെഡ് ഓഫീസ് നോട്ടീസ് ബോർഡിൽ |
| 7. നാമനിർദ്ദേശപത്രിക നേരിട്ടു സമർപ്പിക്കുന്നതിനുള്ള സ്ഥലവും,തീയതിയും സമയവും | : | 12-12-2024 പകൽ 11 മണി മുതൽ 2 മണി വരെ സംഘം/ബാങ്ക് ഓഫീസിൽ വച്ച് |
| 8. നാമനിർദ്ദേശപത്രികകൾ സൂക്ഷ്മപരിശോധനയ്ക്കുള്ള സ്ഥലവും തീയതിയും സമയവും | : | 13-12-2024 പകൽ 11 മണി മുതൽ സംഘം/ബാങ്ക് ഓഫീസിൽ വച്ച് |
| 9. പത്രികകൾ പിൻവലിക്കുന്നതിനുള്ള സ്ഥലവും തീയതിയും സമയവും | : | 16-12-2024 പകൽ 5 മണി വരെ സംഘം/ബാങ്ക് ഓഫീസിൽ വച്ച് |
| 10. വോട്ടെടുപ്പ് വേണ്ടി വരുന്ന പക്ഷം വോട്ടെടുപ്പ് നടത്തുന്ന സ്ഥലവും സമയവും തീയതിയും | : | 30-12-2024 തിങ്കളാഴ്ച പകൽ 10 മണി മുതൽ 5 മണി വരെ എൻ ജി ഒ യൂണിയൻ ഹാൾ മങ്കൊമ്പ് വച്ച് |

(ഒപ്പ്)

(പ്രത്യേക ശ്രദ്ധയ്ക്ക് :വിജ്ഞാപനത്തിന്റെ കുറിപ്പ് ഭാഗം സംഘം /ബാങ്ക് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് )

എം.എസ്.ലൈല

സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർ

This is a computer generated statement and does not require signature

കുറിപ്പ്

1. അന്തിമ വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് മാത്രമേ വോട്ടവകാശം ഉണ്ടായിരിക്കുകയുള്ളൂ .

2. വോട്ടർപട്ടികയുടെ പകർപ്പുകൾ സംഘം നിശ്ചയിക്കുന്ന വിലയ്ക്ക് , സംഘം /ബാങ്ക് ഓഫീസിൽ നിന്നും 05-12-2024 മുതൽ പ്രവർത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്.

3. നാമനിർദേശ പത്രിക ഫോറം നമ്പർ-36)സംഘം /ബാങ്ക് ഓഫീസിൽ നിന്നും 05-12-2024 മുതൽ പ്രവർത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്.

4. നാമനിർദ്ദേശ പ്രതികയോടൊപ്പം സ്ഥാനാർത്ഥികൾ 250 രൂപ സംഘത്തിൽ കെട്ടിവയ്ക്കേണ്ടതാണ്. പട്ടികജാതി/ പട്ടികവർഗ്ഗത്തിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാനാർത്ഥികൾ 125 രൂപ സംഘത്തിൽ കെട്ടിവച്ചാൽ മതിയാകുന്നതാണ്. പ്രാതിനിധ്യ പൊതുയോഗത്തിലേക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥികൾ 100 രൂപ സംഘത്തിൽ കെട്ടിവയ്ക്കേണ്ടതാണ്.

5. പട്ടിക ജാതി /പട്ടിക വർഗ സംവരണ സീറ്റിലേക്ക് മത്സരിക്കുന്നവർ ജാതി തെളിയിക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നും ലഭിച്ച സാക്ഷ്യപ്രതം ഹാജരാക്കിയിരിക്കേണ്ടതാണ്.

6. സ്ഥാനാർത്ഥികളുടെ യോഗ്യത നിർണയിക്കപ്പെടുന്നത് സഹകരണ നിയമത്തിലെ പ്രസക്തമായ വകുപ്പുകൾക്കും, ചട്ടങ്ങൾക്കും, സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾക്കും, സഹകരണസംഘം നിയമാവലിക്കും വിധേയമായിട്ടായിരിക്കും

7. ഒരു സ്ഥാനാർത്ഥി ഒന്നിലധികം സ്ഥാനങ്ങളിലേക്കു ഒന്നിലധികം നാമനിർദേശ പ്രതിക സമർപ്പിക്കാവുന്നതല്ല

8. വോട്ടവകാശ വിനിയോഗത്തിന് അംഗങ്ങൾ സംഘം നല്കിയിട്ടുള്ള 6-A ഫോറത്തിലുള്ള തിരിച്ചറിയൽ കാർഡിന് പുറമേ ഇൻഡ്യൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡ്/ ആധാർ കാർഡ്/ റേഷൻ കാർഡ്/ ഡ്രൈവിംഗ് ലൈസൻസ് / തൊഴിലുടമ നല്കുന്ന തിരിച്ചറിയൽ കാർഡ്/ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള തിരിച്ചറിയൽ കാർഡ് ഇവയിൽ ഏതെങ്കിലും കൂടി ഹാജരാക്കേണ്ടതാണ്. സംഘം നല്കുന്ന തിരിച്ചറിയൽ കാർഡ് വിതരണം വോട്ടെടുപ്പിന് രണ്ടു ദിവസം മുമ്പ് നിർത്തിവയ്ക്കുന്നതാണ്. തിരിച്ചറിയൽ കാർഡുകൾ ഹാജരാക്കുന്നവർക്ക് മാത്രമേ വോട്ടു ചെയ്യാൻ അർഹതയുള്ളു.

9. അപ്പക്സ് / സെൻട്രൽ / ഫെഡറൽ സംഘങ്ങളുടെ സംഗതിയിൽ അംഗ സ്ഥാപനങ്ങളിലെ പ്രതിനിധികൾ അവരെ പ്രതിനിധിയായി തെരഞ്ഞെടുത്ത ഭരണ സമിതി തീരുമാനത്തിന്റെ ശരിപ്പകർപ്പ് രണ്ട് ഭരണസമിതി അംഗങ്ങളും സെക്രട്ടറിയോ, പ്രസിഡന്റോ ഒപ്പിട്ട് പ്രതിനിധിയുടെ ഒപ്പ് സാക്ഷ്യപ്പെടുത്തി സംഘം / ബാങ്കിൽ സീൽ പതിച്ച് ഒരു പകർപ്പ് നാമനിർദ്ദേശ പ്രതികയോടൊപ്പം വരണാധികാരിക്ക് സമർപ്പിക്കേണ്ടതാണ്.(www.scec-oems.kerala.gov.in)

10. തെരഞ്ഞെടുപ്പിന് അംഗ സ്ഥാപനങ്ങൾക്ക് അപ്പക്സ് / സെൻട്രൽ / ഫെഡറൽ സംഘം അയച്ചുതരുന്ന അധികാരപ്രതം ശരിയായി പൂരിപ്പിച്ച്, ഫോട്ടോ പതിച്ച് ക്രമപ്രകാരം സാക്ഷ്യപ്പെടുത്തി ഒരു കോപ്പി തെരഞ്ഞെടുപ്പിന് രണ്ടു ദിവസം മുമ്പായി അപ്പക്സ് / സെൻട്രൽ / ഫെഡറൽ സംഘത്തിന്റെ ഹെഡ് ആഫീസിൽ ലഭിക്കത്തക്കവിധം അയച്ചു കൊടുക്കേണ്ടതും മറ്റൊരു പകർപ്പ്, അംഗ സ്ഥാപനത്തിൽ നിന്നും നല്കിയിട്ടുള്ള 6-A തിരിച്ചറിയൽ കാർഡ് സഹിതം വോട്ട് രേഖപ്പെടുത്തുന്നതിനായി നേരിട്ട് ഹാജരാക്കേണ്ടതുമാണ്.

11. വോട്ടെണ്ണൽ പൂർത്തിയാകുമ്പോൾ റിട്ടേണിംഗ് ഓഫീസർ ഫലം പ്രഖ്യാപിക്കുന്നതാണ്. തുല്യം വോട്ടുകൾ വരുന്നപക്ഷം റിട്ടേണിംഗ് ഓഫീസർ നറുക്കെടുപ്പ് നടത്തി ഫലം നിർണ്ണയിക്കുന്നതുമാണ്.

12. 40 വയസിൽ താഴെയുള്ള പൊതു വിഭാഗം ,വനിതാ വിഭാഗം എന്നിവയിൽ ഉൾപ്പെടുന്നവർ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജാരാക്കേണ്ടതാണ്

13.

14. തെരഞ്ഞെടുപ്പ് കുറ്റകൃത്യങ്ങൾ നിയമപ്രകാരം ശിക്ഷാർഹമാണ്.

13. തെരഞ്ഞെടുപ്പു സംബന്ധിച്ചു സന്ദർഭോചിതമായി വരുന്ന നിർദേശങ്ങളും അറിയിപ്പുകളും ആതാത് സമയം സഹകരണ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ പുറപ്പെടുവിക്കുന്നതാണ്(www.scec-oems.kerala.gov.in)

## സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർ പുറപ്പെടുവിക്കുന്ന നടപടിക്രമം

**( ഹാജർ : ശ്രീ എം.എസ്.ലൈല )**

നമ്പർ OI/1752/2024/ഇ(1)എസ്.സി.ഇ.സി **തിരുവനന്തപുരം 20-11-2024**

വിഷയം :- കുട്ടനാട് താലൂക്ക് ഗവണ്മെന്റ് എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ A 676ന്റെ ഭരണസമിതി / പ്രാതിനിധ്യ പൊതുയോഗ തെരഞ്ഞെടുപ്പ് / പ്രസിഡന്റ് / വൈസ് പ്രസിഡന്റ്, നിയമാവലിപ്രകാരമുള്ള മറ്റു ഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പ് -ഇലക്ടറൽ ആഫീസറേയും വരണാധികാരിയെയും നിയമിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം:(1) സംഘം/ബാങ്ക് ഭരണസമിതിയുടെ 28-10-2024 തീയതിയിലെ 56/120-ാം നമ്പർ തീരുമാനം.
(2)കുട്ടനാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന്റെ അറിയിപ്പ്.

### ഉത്തരവ്

A 676-ാം നമ്പർ കുട്ടനാട് താലൂക്ക് ഗവണ്മെന്റ് എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തത്തിന്റെ പുതിയ ഭരണസമിതി / പ്രാതിനിധ്യ പൊതുയോഗ തെരഞ്ഞെടുപ്പ് 30-12-2024-ാം തീയതി പകൽ 10 മണി മുതൽ 5 മണി വരെ എൻ ജി ഓ യൂണിയൻ ഹാൾ മങ്കൊമ്പ് വച്ച് നടത്തുന്നതിന് പരാമർശം ഒന്ന് പ്രകാരം സംഘം/ബാങ്ക് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരാമർശം രണ്ട് പ്രകാരം കുട്ടനാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിരിക്കുന്നു.

മേൽ അപേക്ഷയും ശുപാർശയും പരിഗണിച്ച്,1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റിലെ വകുപ്പ് 28 ബി, ചട്ടം 35 എ ഉപ ചട്ടം (2),(4), ചട്ടം 43 ഉപചട്ടം (2) എന്നിവ പ്രകാരം സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് A 676-ാം നമ്പർ കുട്ടനാട് താലൂക്ക് ഗവണ്മെന്റ് എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തത്തിന്റെ ഭരണസമിതി തെരഞ്ഞെടുപ്പ് 30-12-2024 പകൽ 10 മണി മുതൽ 5 മണി വരെ എൻ ജി ഓ യൂണിയൻ ഹാൾ മങ്കൊമ്പ് വച്ച് നടത്തുന്നതിനും ടി തെരഞ്ഞെടുപ്പ് നടത്തുന്നതിന് കുട്ടനാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നെ ഇലക്ടറൽ ആഫീസറായും ടി ആഫീസിലെ തകഴി യൂണിറ്റ് ഇൻസ്പെക്ടർ വരണാധികാരിയായും നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. വരണാധികാരിയായ തകഴി യൂണിറ്റ് ഇൻസ്പെക്ടർ നെ പ്രസിഡന്റ് ,വൈസ് പ്രസിഡന്റ്, നിയമാവലിപ്രകാരമുള്ള മറ്റു ഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പ് നടത്തുന്നതിനായി നിയമിച്ച് ഉത്തരവാകുന്നു.

വോട്ടർ പട്ടികയിൽ അഞ്ഞൂറിൽ കൂടുതൽ അംഗങ്ങളുള്ള സംഘങ്ങളിൽ തെരഞ്ഞെടുപ്പ് വിജ്ഞാപനം (അതിലെ കുറിപ്പ് ഭാഗം ഒഴിവാക്കി) സംഘത്തിന്റെ പ്രവർത്തന പരിധിയിൽ പ്രചുര പ്രചാരമുള്ള രണ്ടു ദിനപത്രങ്ങളിൽ 25-11-2024-ാം തീയതിക്കോ അതിനു മുമ്പോ തെരഞ്ഞെടുപ്പ് കമ്മീഷനു വേണ്ടി പ്രസിദ്ധീകരിച്ചിരിക്കേണ്ടതാണ്. ഇപ്രകാരം പ്രസിദ്ധീകരിച്ച ദിനപത്രങ്ങളുടെ പകർപ്പ് കമ്മീഷനിൽ ഹാജരാക്കേണ്ടതാണ്. വോട്ടർ പട്ടികയിൽ അഞ്ഞൂറിൽ കുറവ് അംഗങ്ങളുള്ള സഹകരണസംഘങ്ങളിൽ ഓരോ അംഗത്തിനും വിജ്ഞാപനം കൈപ്പറ്റു രസീത് സഹിതം രജിസ്ട്രേഡ് പോസ്റ്റിലോ/സ്പീഡ് പോസ്റ്റിലോ/ ബഹു. കേരള ഹൈക്കോടതിയോ/ കേരള സർക്കാരോ അംഗീകരിച്ചിട്ടുള്ള കൊറിയർ സർവ്വീസിലോ / നേരിട്ട് നല്കി കൈയൊപ്പു വാങ്ങിയോ അറിയിപ്പ് നല്കേണ്ടതാണ്. ഇപ്രകാരം അറിയിപ്പ് നല്കിയതിന്റെ വിശദമായ റിപ്പോർട്ട് കമ്മീഷനിൽ ഹാജരാക്കേണ്ടതാണ്. വിജ്ഞാപനത്തിന്റെ പകർപ്പ് സംഘത്തിന്റെ ഹെഡ് ആഫീസിലെയും ബ്രാഞ്ചുകളിലെയും നോട്ടീസ് ബോർഡുകളിൽ പതിക്കേണ്ടതാണ്. കേരള സഹകരണസംഘം ആക്റ്റ്, ചട്ടങ്ങൾ,സംഘം നിയമാവലി എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് സംഘത്തിന്റെ മുഖ്യ കാര്യദർശി,ഇലക്ടറൽ ആഫീസർ ,വരണാധികാരി എന്നിവർ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിക്കേണ്ടതാണ് .

തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിനു ശേഷം ഒരാഴ്ചയ്ക്കകം വരണാധികാരിയിൽ നിന്നും ലഭിച്ച തെരഞ്ഞെടുപ്പുകളുടെ ഫലം, തെരഞ്ഞെടുപ്പ് സംബന്ധിച്ച് സംഘം മുഖ്യകാര്യദർശിയിൽ നിന്നും ലഭിച്ച ചെലവ് സ്റ്റേറ്റ് മെന്റ് എന്നിവ ഇലക്ടറൽ ആഫീസർ സാക്ഷ്യപ്പെടുത്തി സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനു സമർപ്പിക്കേണ്ടതാണ് .

പ്രിസൈഡിംഗ് ആഫീസർ എന്ന നിലയിൽ പ്രസിഡന്റ്/ വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പ് കൂടി വരണാധികാരി നിർവ്വഹിക്കേണ്ടതാണ് . തെരഞ്ഞെടുപ്പ് കഴിഞ്ഞ ഉടൻ തന്നെ പ്രസിഡന്റ്/ വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പ് സംബന്ധിച്ച റിപ്പോർട്ട് തെരഞ്ഞെടുപ്പ് കമ്മീഷനിൽ സമർപ്പിക്കേണ്ടതാണ് .

(ഒപ്പ്)
സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർ

1. ഇലക്ടറൽ ഓഫീസർ /കുട്ടനാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
2. വരണാധികാരി /തകഴി യൂണിറ്റ് ഇൻസ്പെക്ടർ

കുട്ടനാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
പകർപ്പ്:- സെക്രട്ടറി, കുട്ടനാട് താലൂക്ക് ഗവണ്മെന്റ് എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ A 676

This is a computer generated statement and does not require signature